മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 14

# വാർത്താക്കുറിപ്പ് (2)

---

## റബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ പുതിയ സാധ്യതകൾ തേടണം - ശിൽപ്പശാല

റബർ കൃഷിയിൽനിന്നുള്ള വരുമാനം വർധിക്കുന്നതിന് റബറിന്റെ ഉപയോഗ സാധ്യതകൾ വിപുലീകരിക്കേണ്ടതുണ്ടെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സംഘടിപ്പിച്ച ശിൽപ്പശാല വിലയിരുത്തി. ഉത്പാദനക്ഷമതയ്ക്കും ഉത്പാദനത്തിനും ആനുപാതികമായി ഉപയോഗം വർധിച്ചില്ലെങ്കിൽ വിലയിടിവുണ്ടാകുന്നത് സ്വാഭാവികമാണെന്ന് പരിപാടിയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. സ്വാഭാവിക റബറിന്റെ പുതിയ ഉപയോഗ സാധ്യതകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ദേശീയ, രാജ്യാന്തര തലങ്ങളിൽ ശ്രമമുണ്ടാകണമെന്നും ഉത്പാദനവും ഉത്പാദനക്ഷമതയും മാത്രം ഉയരുന്നതിന്റെ മെച്ചം വാങ്ങൽ കുത്തകകൾക്കായിരിക്കുമെന്നും സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻ അംഗവും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ പ്രൊഫസറുമായ ഡോ.കെ.എൻ. ഹരിലാൽ പറഞ്ഞു.

ആഗോളീകരണത്തിന്റെ കാലത്ത് ഇറക്കുമതി ബദൽ വികസനതന്ത്രത്തിലേക്ക് തിരിച്ചുപോകാനാവില്ലന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആഗോള മാനമുള്ള പ്രശ്നത്തിന് എല്ലായിടത്തും സമാന സ്വഭാവമുള്ള പരിഹാരമാണ് വേണ്ടത്. ഇതിന് സ്വാഭാവിക റബർ ഉത്പാദക രാജ്യങ്ങളുടെ കൂട്ടായ്മ രൂപീകരിക്കേണ്ടത് അനിവാര്യമാണ് -അദ്ദേഹം കൂട്ടിച്ചേർത്തു.

ടയർ പോലെയുള്ള ഉത്പന്നങ്ങൾക്കുവേണ്ട അസംസ്കൃത വസ്തു ഉത്പാദിപ്പിക്കുന്നവർ എന്ന നിലയിൽനിന്നും ഉയർന്ന മൂല്യവർധനവിലൂടെ ആധുനിക റബർ ഉത്പന്നങ്ങളുടെ നിർമാതാക്കളാക്കി റബർ കർഷകരെ മാറ്റണമെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ പ്രഫ. കെ. ജെ. ജോസഫ് അഭിപ്രായപ്പെട്ടു. ഇത്തരം മാറ്റത്തിലൂടെ റബറിന്റെ വില നിർണയിക്കാൻ കഴിയുന്ന തലത്തിലേക്ക് കർഷകർ ഉയരും. മത്സരശേഷിയുടെ അടിസ്ഥാനത്തിൽ മാത്രം നിലനിൽക്കാൻ കഴിയുന്ന ഇക്കാലത്ത്

നൂതന സങ്കേതങ്ങളോടെ മികച്ച മാനേജ്മെൻറ് പ്രൊഫഷണലുകളുടെ സേവനം പ്രയോജനപ്പെടുത്തിയാണ് വ്യവസായത്തിൽ ഏർപ്പെടേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര സർക്കാർ ഇടപെട്ട് റബറിന്റെ കരുതൽ ശേഖരം ഉറപ്പാക്കണമെന്നും ഇതിലൂടെ വിലയുടെ സ്ഥിരത നിലനിർത്താമെന്നും നാഷണൽ കൺസോർഷ്യം ഓഫ് റീജിയണൽ ഫെഡറേഷൻ ഓഫ് റബർ പ്രൊഡ്യൂസർ സൊസൈറ്റിസ് രക്ഷാധികാരി അഡ്വ. സുരേഷ് കോശി പറഞ്ഞു. റബർ കർഷകർക്ക് കൊടുത്തുവന്നിരുന്ന സബ്സിഡി തുടർന്നു നൽകിയില്ലെങ്കിൽ ചെറുകിട കർഷകർക്ക് നിലനിൽപ്പുണ്ടാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വൻകിട കമ്പനികൾക്ക് അസംസ്കൃത വസ്തുക്കൾ നല്കുന്നതിനപ്പുറം കർഷക സമൂഹത്തിനു സ്വന്തമായി പലതും ചെയ്യാൻ കഴിയണമെന്ന് റബർ ബോർഡ് മെമ്പർ ടി.പി. ജോർജ്കുട്ടി പറഞ്ഞു. നിരവധി റബർ അധിഷ്ഠിത സംരംഭങ്ങൾക്ക് സാധ്യതയുള്ള നാടാണ് കേരളം. കമ്പനികൾ നടത്തുവാനും വിപണി പിടിച്ചെടുക്കുവാനും കർഷക സംഘങ്ങൾക്ക് പരിമിതിയുണ്ട്. അവിടെയാണ് അവിടെയാണ് റബർ ബോർഡിന് ഇടപെട്ടു പ്രവർത്തിക്കാൻ കഴിയുകയെന്ന് ജോർജുകുട്ടി ചൂണ്ടിക്കാട്ടി.

യുക്രൈൻ യുദ്ധവും ആഗോള ഊർജപ്രതിസന്ധിയുണ്ടാക്കിയ സാമ്പത്തിക-വ്യാവസായിക മാന്ദ്യവും റബർ വിപണിയെ തളർത്തിയെന്ന് നാഷണൽ കൺസോർഷ്യം ഓഫ് റീജിയണൽ ഫെഡറേഷൻ ഓഫ് റബർ പ്രൊഡ്യൂസർ സൊസൈറ്റിസ് ജനറൽ സെക്രട്ടറി ബാബു ജോസഫ് പറഞ്ഞു.

കെ. എൻ. രാജ് സ്കൂൾ ഓഫ് എക്കണോമിക്സ് ജോയിന്റ് ഡയറക്ടർ പ്രൊഫ. വി. മാത്യു കുര്യൻ മോഡറേറ്ററായിരുന്നു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. ജിസ്പൺ വർഗീസ് എന്നിവർ സംസാരിച്ചു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജിലെ എക്കണോമിക്സ് വിഭാഗം എന്നിവയുമായി സഹകരിച്ചാണ് ശിൽപശാല സംഘടിപ്പിച്ചത്.
(പി.ആർ.ഒ./39/184 9/2022)

**ഫോട്ടോ ക്യാപ്ഷൻ...**

റബർ മേഖലയെ പ്രതിസന്ധിയെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഡോ.കെ.എൻ. ഹരിലാൽ സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**